## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

[ഹാജർ: അബുൽകലാം.എം]

വിഷയം: തൊഴിൽവകുപ്പ് – ജീവനക്കാര്യം – ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സീനിയോരിറ്റി പുന:ക്രമീകരിച്ച ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ്/ഗ്രേഡ് എന്നിവ കെഎസ്ആർ പാർട്ട് I റൂൾ 36(എ) പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന:
1 സർക്കാരിന്റെ 29/11/2017 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 105/2017/തൊഴിൽ ഉത്തരവ്

2 ലേബർ കമ്മീഷണറുടെ 20/04/2018 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

## ഉത്തരവ് നമ്പർ ഇ (6) 298/2014 തീയതി: 24/10/2019

തൊഴിൽ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ക്ലർക്ക് തസ്തികയിലേയ്ക്ക് നൽകിയ സ്ഥാനക്കയറ്റത്തിൽ സംഭവിച്ച അപാകത പരിഹരിച്ചുകൊണ്ട് വായന(1)–ലെ സർക്കാർ ഉത്തരവ് അനുസരിച്ച് വായന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ താഴെപ്പറയുന്നവരുടെ സീനിയോരിറ്റി പുന:ക്രമീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര് | സ്ഥാനക്കയറ്റം നൽകി സീനിയോരിറ്റി പുന:ക്രമീകരിച്ച തീയതി |
|---|---|---|---|
| 1. | 64 | പി.ധർമ്മരാജ് | 16/01/2014 |
| 2. | 68 | കെ.ഐ.ഇസഹാക്ക് | 23/11/2014 |
| 3. | 70 | എ.വി.അജിത്ത്കുമാർ | 04/06/2015 |
| 4. | 71 | മുഹമ്മദ് റഹ്മാൻ ഷാ | 10/07/2015 |
| 5. | 72 | സി.എൻ.സനിൽകുമാർ | 24/09/2015 |
| 6. | 74 | എസ്.ജയലക്ഷ്മി | 04/10/2015 |
| 7. | 77 | എൻ.കെ.മുരളീധരൻ | 16/06/2016 |

മേൽപ്പറഞ്ഞവരുടെ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ചുവെങ്കിലും ടിയാൻമാരുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഇൻക്രിമെന്റ്/ഗ്രേഡ് അനുവദിക്കണമെന്ന് നിരവധി അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സീനിയോരിറ്റി പുന:ക്രമീകരിച്ച മേൽ ജീവനക്കാരുടെ പുന:ക്രമീകരിച്ച തീയതിയ്ക്ക് മുൻപുള്ള വാർഷിക ഇൻക്രിമെന്റ്/ഗ്രേഡ്

എന്നിവ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേത് അനുവദിക്കുന്നതിന്, ക്ലർക്ക് തസ്തികയിൽ ശമ്പളനിർണ്ണയം നടത്തിയ ടി ജീവനക്കാരുടെ ശമ്പളം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് പുനർ നിർണ്ണയം നടത്തേണ്ടതാണ്. തുടർന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ക്ലർക്ക് തസ്തികയിലെ നിയമനം പുന:ക്രമീകരിച്ചതിന് മുൻപുള്ള വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവ, അധികമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ, കെഎസ്ആർ പാർട്ട് I റൂൾ 36(എ) പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ടി ഉത്തരവ് അടിയന്തരമായി നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ടവർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

<u>പകർപ്പ്:-</u>

1) എല്ലാ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽമാർക്കും (ആമുഖ കത്ത് സഹിതം)
2) ലേബർ കമ്മീഷണറുടെ പി.എ
3) അഡീഷണൽ ലേബർ കമ്മീഷണർ (ഇ/ഐ.ആർ/ഡബ്ല്യു)
4) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം/എറണാകുളം/കോഴിക്കോട്
5) എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്കും
6) എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
7) ഫയൽ/സ്റ്റോക്ക് ഫയൽ.

**അംഗീകാരത്തോടെ,**

**ജൂനിയർ സൂപ്രണ്ട് (ഇ)**

എസ്.എൻ